പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6012 — 10.07.2012 ൽ മറുപടിയ്ക്ക്

## ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | എ) | സർക്കാരിന്റെ 15.06.2012 ലെ സ.ഉ.(എം.എസ്) നം.168/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പശ്ചാത്തല മേഖലക്കായി 45 ശതമാനത്തിൽ അധികരിക്കാത്ത തുക വകയിരുത്താവുന്നതാണ്. ഇതിന്റെ 10 ശതമാനം റോഡ് മെയിന്റനൻസിനായി ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശമുണ്ട്. ജീവിത ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ എല്ലാവർക്കും വീട്, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, ശുചിത്വമുള്ള പരിസരം എന്നിവക്ക് പ്രത്യേക പരിഗണന നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി) | പ്രാദേശികാവശ്യങ്ങളുടെ നിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് സ്വതന്ത്ര ചെലവിനായി നിശ്ചിത തുക നൽകുന്ന കാര്യം ആലോചിക്കുമോ ; | ബി) | ഗ്രാമപഞ്ചായത്തുകളുടെ പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനായി 3-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് അനുവദിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ശമ്പളം, ഹോണറേറിയം, വാടക, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ് എന്നിവക്കായും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |
| സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ? | സി) | 2012-13 വർഷം ജി.പി.എഫ്. ആയി ഗ്രാമപഞ്ചായത്തുകൾക്ക് 512.7 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. 2 ഗഡുക്കൾ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ